**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2677** **13-10-2021 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി കോളനികളുടെ വികസനത്തിനായി ആരംഭിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ശാന്തകുമാരി കെ. | | **Shri K. Radhakrishnan**<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി ) | |
| (എ) | സ്വയംപര്യാപ്ത ഗ്രാമങ്ങൾ, അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമങ്ങൾ എന്നീ പേരുകളിൽ പട്ടികജാതി കോളനികളുടെ വികസനത്തിനായി ആരംഭിച്ച പദ്ധതികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (എ) | പ്രസ്തുത രണ്ട് പദ്ധതികൾ പ്രകാരം ആകെ 672 കോളനികളെ തെരഞ്ഞെടുത്തതിൽ 278 കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ നാളിതുവരെ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി മാനദണ്ഡ പ്രകാരമല്ലാത്തതും മറ്റ് കാരണങ്ങൾ കൊണ്ടും 23 കോളനികളെ പദ്ധതിയിൽ നിന്നും റദ്ദ് ചെയ്തിട്ടുമുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. നിർവ്വഹണ ഏജൻസികൾ സമയബന്ധിതമായി പ്രവർത്തികൾ പൂർത്തീകരിക്കാത്തതാണ് പ്രധാനമായും തടസ്സമായിട്ടുള്ളത്. എന്നാൽ എല്ലാ പ്രവർത്തികളും 31.12.2021 ന് മുൻപായി പൂർത്തീകരിക്കുന്നതിന് 09/09/2021ൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ പ്രകാരം എത്ര കോളനികൾ തെരഞ്ഞെടുത്തിട്ടുണ്ട്; എത്രയെണ്ണം ഇതുവരെ പൂർത്തീകരിച്ചു; എത്ര കോളനികളുടെ വികസന പ്രവർത്തനങ്ങൾ ഭരണാനുമതി നൽകിയ ശേഷം ഉപേക്ഷിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | പ്രസ്തുത രണ്ട് പദ്ധതികൾ പ്രകാരം ആകെ 672 കോളനികളെ തെരഞ്ഞെടുത്തതിൽ 278 കോളനികളുടെ നിർമ്മാണ പ്രവൃത്തികൾ നാളിതുവരെ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതി മാനദണ്ഡ പ്രകാരമല്ലാത്തതും മറ്റ് കാരണങ്ങൾ കൊണ്ടും 23 കോളനികളെ പദ്ധതിയിൽ നിന്നും റദ്ദ് ചെയ്തിട്ടുമുണ്ട്. ആയതിന്റെ വർഷം തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. നിർവ്വഹണ ഏജൻസികൾ സമയബന്ധിതമായി പ്രവർത്തികൾ പൂർത്തീകരിക്കാത്തതാണ് പ്രധാനമായും തടസ്സമായിട്ടുള്ളത്. എന്നാൽ എല്ലാ പ്രവർത്തികളും 31.12.2021 ന് മുൻപായി പൂർത്തീകരിക്കുന്നതിന് 09/09/2021ൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് പ്രസ്തുത പദ്ധതികൾ ഇപ്പോൾ | (സി) | വിശദാംശങ്ങൾ അനുബന്ധം 2 ആയി |

| | | | |
|---|---|---|---|
| | നടപ്പാക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ്; ഓരോ സ്ഥാപനവും പൂർത്തീകരിക്കാനുള്ള കോളനികളുടെ എണ്ണം വ്യക്തമാക്കുമോ; | | ഉൾപ്പെടുത്തിയിരിക്കുന്നു. |
| (ഡി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുക്കാനുള്ള സാങ്കേതിക പരിജ്ഞാനമോ സാങ്കേതിക ജീവനക്കാരോ സാമ്പത്തിക ശേഷിയോ ഇല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം സ്ഥാപനങ്ങളെ ഒഴിവാക്കി ഇതുവരെ തുടങ്ങാത്ത പദ്ധതികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | തുടങ്ങിയ പദ്ധതികൾ പൂർത്തീകരിക്കാത്ത സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | ഏറ്റെടുത്ത പ്രവർത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് 09/09/2021-ൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ ബന്ധപ്പെട്ട നിർവ്വഹണ ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം 1**

| വർഷം | തെരഞ്ഞെടുത്ത കോളനികൾ | പൂർത്തീകരിച്ചവ | റദ്ദ് ചെയ്തവ |
|---|---|---|---|
| 2012-13 | 114 | 85 | 2 |
| 2013-14 | 102 | 48 | 11 |
| 2016-17 | 251 | 126 | 3 |
| 2018-19 | 87 | 17 | 7 |
| 2019-20 | 90 | 2 | - |
| 2020-21 | 28 | - | - |
| **ആകെ** | **672** | **278** | **23** |

സെക്ഷൻ ഓഫീസർ

അനുബന്ധം - 2

## സ്വയംപര്യാപ്ത ഗ്രാമം 2012-13

| ഏജൻസിയുടെ പേര് | പൂർത്തീകരിക്കാനുള്ള കോളനികൾ |
|---|---|
| FIT | 14 |
| SIDCO | 6 |
| KWA & PWD | 1 |
| KSHB | 1 |
| KLDC | 2 |
| KAICO | 3 |
| ആകെ | 27 |

## സ്വയംപര്യാപ്ത ഗ്രാമം 2013-14

| ഏജൻസിയുടെ പേര് | പൂർത്തീകരിക്കാനുള്ള കോളനികൾ |
|---|---|
| KAICO | 5 |
| KSHB | 2 |
| KESNIK | 12 |
| DNK | 7 |
| KLDC | 4 |
| FIT | 10 |
| SIDCO | 3 |
| ആകെ | 43 |

## അംബേദ്കർ ഗ്രാമം 2016-17

| ഏജൻസിയുടെ പേര് | പൂർത്തീകരിക്കാനുള്ള കോളനികൾ |
|---|---|
| DNK | 84 |
| KESNIK | 6 |
| KEL | 10 |
| SIDCO | 4 |
| KAICO | 6 |

| | |
|---|---|
| KSHB | 4 |
| FIT | 8 |
| ആകെ | 122 |

**അംബേദ്കർ ഗ്രാമം 2018-19**

| ഏജൻസിയുടെ പേര് | പൂർത്തീകരിക്കാനുള്ള കോളനികൾ |
|---|---|
| DNK | 62 |
| PWD | 1 |
| ആകെ | 63 |

**അംബേദ്കർ ഗ്രാമം 2019-20**

| ഏജൻസിയുടെ പേര് | പൂർത്തീകരിക്കാനുള്ള കോളനികൾ |
|---|---|
| DNK | 87 |
| KEL | 1 |
| ആകെ | 88 |

**അംബേദ്കർ ഗ്രാമം 2020-21**

| ഏജൻസിയുടെ പേര് | പൂർത്തീകരിക്കാനുള്ള കോളനികൾ |
|---|---|
| DNK | 28 |
| ആകെ | 28 |

സെക്ഷൻ ഓഫീസർ